# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/3/2018 2018 ജനുവരി 4

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവാവോസി

2017 നവംബറിൽ നടത്തിയ ബി.ടെക് ഏഴാം സെമസ്റ്റർ റഗുലർ, മൂന്നും അഞ്ചും എട്ടും സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ പ്രാക്ടിക്കലും വൈവാവോസിയും ജനുവരി 8 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2016ൽ രജിസ്ട്രേഷൻ ചെയ്തവർക്കും, രണ്ടാം സ്പെൽ സപ്ലിമെന്ററിക്കാർക്കുമുള്ള പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷകൾ ജനുവരി 6, 7 തീയതികളിൽ കോട്ടയം സി.എം.എസ്. കോളേജിൽ വച്ച് നടത്തും. കോഴ്സ്-ഒന്ന് പരീക്ഷ 6നും കോഴ്സ് - രണ്ട് പരീക്ഷ 7നും നടക്കും. പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ. സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ടും തിരിച്ചറിയൽ രേഖയുമായി പരീക്ഷയ്ക്ക് ഹാജരാകണം.

### ബി.എ. സൂക്ഷ്മപരിശോധന

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജനുവരി 8, 9, 10 തീയതികളിൽ പുതിയ പരീക്ഷാഭവനിലെ ഇ.ജെ. - 11 സെക്ഷനിൽ തിരിച്ചറിയൽ രേഖയുമായി ഹാജരാകണം.

### പരീക്ഷാഫലം

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (നോൺ സി.എസ്.എസ്., സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 11 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (നോൺ സി.എസ്.എസ്., സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 12 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ചരിത്രം (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ തടഞ്ഞുവച്ചിരുന്ന ഫലം പ്രസിദ്ധപ്പെടുത്തി. നാലാം സെമസ്റ്റർ എം.എ. ചരിത്രം പരീക്ഷയിൽ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലെ നയൻതാര വിജയൻ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ സുജ വർഗ്ഗീസ്, ആലുവ യു.സി. കോളേജിലെ രാധികാ ലാൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**